**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്ലോബൽ ഡയറി വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരവികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഗ്ലോബൽ ഡയറി വില്ലേജിന്റെ ലക്ഷ്യം എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ വേങ്ങാട് ആസ്ഥാനമാക്കി ക്ഷീര-കാർഷികാനുബന്ധ മേഖലയിൽ സമഗ്രവും സംയോജിതവുമായ കാർഷിക വികസന പരിപാടി നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെയാണ് വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് വിഭാവനം ചെയ്തിട്ടുള്ളത് . കാർഷിക - അനുബന്ധ മേഖലയിൽ ഉപജീവനം തേടുന്ന ബഹുഭൂരിപക്ഷം വരുന്ന സ്ഥലനിവാസികൾക്ക് പരിസ്ഥിതിക്ക് ഇണങ്ങുംവിധം ക്ഷീരമേഖലയ്ക്ക് ഊന്നൽ നൽകി സുസ്ഥിര കാർഷിക വികസന പരിപാടികൾ ഏറ്റെടുത്ത് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയെന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയിലൂടെ 1800ഓളം കുടുംബങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുവാൻ കഴിയും. കേരള പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ഒരു മാതൃകാപദ്ധതിയായി വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജിനെ കണക്കാക്കാവുന്നതാണ്. ഇന്ത്യൻ കന്നുകാലി ജനുസ്സുകളെ സംരക്ഷിക്കുകയും വർദ്ധിച്ച ഉല്പാദനക്ഷമതയുള്ള സങ്കരയിനം കന്നുകാലിവർഗ്ഗങ്ങളുടെ വളർത്തൽ വാണിജ്യാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുകയും കീടനാശിനി വിമുക്തമായ പാൽ, മുട്ട, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുകയും ആയത് സംഭരിച്ച് മൂല്യവർദ്ധന നടത്തി വിതരണം ചെയ്യുകയും പച്ചപ്പുല്ല് ഉൾപ്പെടെയുള്ള ഉല്പാദനോപാധികൾ ഉറപ്പുവരുത്തുകയും വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുകയും പാൽ, കാർഷികോല്പന്നങ്ങൾ എന്നിവയുടെ ആധുനിക മൂല്യവർദ്ധനാസംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഫാം ടൂറിസത്തിന്റെ സാധ്യതകൾ |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനാവശ്യമായ ഘടകങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആറളം ഫാമുമായി ബന്ധപ്പെട്ട് നടത്തുവാനുദ്ദേശിക്കുന്ന തീറ്റപ്പുൽകൃഷി, കിടാരിയൂണിറ്റ്, വറ്റ്കറവയുള്ള പശുക്കളുടെ സംരക്ഷണകേന്ദ്രം തുടങ്ങിയ പ്രവർത്തനങ്ങൾ ആറളം ഫാമിലെ തരിശ്ഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വിഭാഗകാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ